ശ്രീ. എ. ജെ. ജോൺ : കരട് റിപ്പോർട്ടേയുള്ളൂ എന്നാണ് തോന്നുന്നത്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : കേശവമേനോന്റെ റിപ്പോർട്ടിനെപ്പറ്റിയാണോ പറയുന്നത് ?

ശ്രീ. എ. ജെ. ജോൺ : അതെ.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ആ റിപ്പോർട്ട് ദേവസ്വംബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിയുമോ ?

ശ്രീ. എ. ജെ. ജോൺ : നിശ്ചയമില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ആ റിപ്പോർട്ട് പബ്ലിഷ് ചെയ്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതും നിശ്ചയമില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഈ രാജ്യത്തെ അനേകായിരം ഹിന്ദുക്കൾ അറിയാൻ ആഗ്രഹിച്ചുകൊണ്ടിരുന്ന ആ റിപ്പോർട്ട് പരസ്യം ചെയ്യേണ്ട എന്നുള്ള തീരുമാനം എടുക്കുന്നതിന് പ്രത്യേക വല്ല കാരണങ്ങളും ഉണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതു പരസ്യം ചെയ്യേണ്ട എന്നു് മുൻ ഗവണ്മെന്റ് തീരുമാനിച്ചു. അതു് ഈ ഗവണ്മെന്റ് അനുകൂലിച്ചു.

അയിത്താചാരം.

* 83. [22] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി തരുമോ :

(എ) അയിത്താചാരത്തിനെതിരായി ആകെ എത്ര കേസ്സുകൾ സാമൂഹ്യാവശതാനിവാരണ നിയമം പാസ്സാക്കി നടപ്പിലാക്കിയതിനു ശേഷം ചാർജ്ജ് ചെയ്തിട്ടുണ്ടു് ;

(ബി) എത്ര കേസുകൾ ശിക്ഷിച്ചിട്ടുണ്ടു് ;

(സി) എത്ര കേസുകൾ തെളിവില്ലാതെ വെറുതെ വിട്ടിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) അയിത്താചാരത്തിനു എതിരായിട്ടു രണ്ടു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(ബി) രണ്ടും കോർട്ടു നടപടിയിലിരിക്കുന്നു.

(സി) ഒന്നുമില്ല.

ശ്രീ. പി. കുഞ്ഞൻ : അയിത്താചാരത്തിനെതിരായി ഈ ഗവണ്മെന്റിനു വല്ല പദ്ധതിയും ഉണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പറ്റി വിശദവിവരങ്ങൾ ശേഖരിച്ചു പറയാം.

ശ്രീ. പി. കുഞ്ഞൻ : ഇൻഡ്യാഗവണ്മെന്റിൽ നിന്നും ഈ പദ്ധതിക്കു വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : കേസിനെപ്പറ്റിയാണ് ചോദ്യം ; പല തിനെപ്പറ്റി വേറെ ചോദിച്ചാൽ ഉത്തരം പറയാം.

ക്ഷീരവ്യവസായം.

* 84. [23] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ക്ഷീരവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന മൊത്തം എത്ര സഹകരണസംഘങ്ങൾ ഉണ്ട് ;

(ബി) പ്രസ്തുത സഹകരണസംഘങ്ങൾക്ക് ഗ്രാൻറുകൊടുക്കുന്ന പതിവുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഓരോ സഹകരണസംഘത്തിനും കഴിഞ്ഞ വർഷം എന്തു തുക ഗ്രാൻറായി കൊടുത്തു ;

(ഡി) ഇരവിപേരൂർ കോവപ്പറേറീവ് ഡെയറി ഫാമിൽ നിന്നും സഹായം അഭ്യർത്ഥിച്ചുകൊണ്ടു ഗവണ്മെൻറിനു നൽകിയ മെമ്മോറാണ്ടത്തിന്മേൽ ഗവണ്മെൻറ് എന്തു നടപടി നടത്തി ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ക്ഷീരവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന 31 സഹകരണസംഘങ്ങൾ ഉണ്ട്.

(ബി) ഗ്രാൻറ് കൊടുക്കുന്ന പതിവുണ്ട്.

(സി) ഓരോ സഹകരണസംഘത്തിനും കഴിഞ്ഞ വർഷം കൊടുത്ത ഗ്രാൻറിൻറെ ഒരു † ലിസ്റ്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.

(ഡി) മെമ്മോറാണ്ടം ഗവണ്മെൻറിൻറെ അന്വേഷണത്തിലിരിക്കുന്നു.

ശ്രീ. എം. എം. മത്തായി : ഇരവിപേരൂർ സഹകരണസംഘത്തിനു് എത്ര രൂപ ഗ്രാൻറ് കൊടുത്തിട്ടുണ്ട് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : 300 രൂപ ഗ്രാൻറ് കൊടുത്തിട്ടുണ്ട്.

ശ്രീ. എം. പി. മത്തായി : മറ്റു സഹകരണസംഘങ്ങൾക്കു കൊടുത്തിട്ടുള്ളതിനെക്കാൾ ഇതിനു ഗ്രാൻറ് കുറവായി കൊടുക്കാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മറ്റു സഹകരണസംഘങ്ങൾക്കു കൊടുത്തിട്ടുള്ളതിനെക്കാൾ കൂടുതലാണ് കൊടുത്തിട്ടുള്ളതു്.

ജയിൽ പരിഷ്കരണക്കമ്മിറ്റിയുടെ റിപ്പോർട്ട്.

* 85. [24] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ പരിഷ്കരണക്കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെൻറിനു ലഭിച്ചുകഴിഞ്ഞിട്ടുണ്ടോ ;

† Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly